# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4214 | | 20.03.2018-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| **നഗരങ്ങളിലെ ഗതാഗത സംവിധാനം പരിഷ്കരിക്കൽ** | | | |
| **ചോദ്യം** | | **ഉത്തരം** | |
| **ശ്രീ.പി.ഉബൈദുള്ള** | | **ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** | |
| (എ) | നഗരങ്ങളിലെ ഗതാഗത സംവിധാനം ശാസ്ത്രീയമായി പരിഷ്കരിക്കുവാനും പൊതുജനങ്ങൾക്കും യാത്രക്കാർക്കുമുള്ള പ്രയാസങ്ങൾ ദൂരീകരിക്കുവാനും പുതിയ പദ്ധതികൾ ആവിഷ്കരിക്കുമോ; | (എ) | സംസ്ഥാനത്തെ എല്ലാ നഗരസഭാ പ്രദേശങ്ങളിലും നഗര-ഗ്രാമാസൂത്രണ വകുപ്പിന്റെ സാങ്കേതിക സഹായത്തോടെ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കി വരികയാണ്. ഈ മാസ്റ്റർ പ്ലാനുകളിൽ നഗരങ്ങളിലെ ഗതാഗത സംവിധാനം ശാസ്ത്രീയമായി പരിഷ്കരിക്കുവാനും പൊതുജനങ്ങൾക്കും യാത്രക്കാർക്കുമുള്ള പ്രയാസങ്ങൾ ദൂരീകരിക്കുവാനുമുള്ള പദ്ധതികൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.<br>അമൃത് പദ്ധതിയിൻ കീഴിൽ സംസ്ഥാനത്തെ ആറ് കോർപ്പറേഷനുകളിലും പാലക്കാട്, ആലപ്പുഴ, ഗുരുവായൂർ എന്നീ മൂന്ന് മുൻസിപ്പാലിറ്റികളിലുമായി അർബൺ ട്രാൻസ്പോർട്ട് സെക്ടറിൽ ഗതാഗത സംവിധാനം ശാസ്ത്രീയമായി പരിഷ്കരിക്കുവാനും പൊതുജനങ്ങൾക്കും യാത്രക്കാർക്കുമുള്ള പ്രയാസങ്ങൾ ദൂരീകരിക്കുവാനും ഉതകുന്ന നടപ്പാത നിർമ്മാണം, പ്രധാന ജംഗ്ഷനുകളിൽ സബ് വേ, ഫുട്ട് ഓവർ ബ്രിഡ്ജ്, സ്കൈ വാക്ക് എന്നിങ്ങനെ 53 പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ട്. |
| (ബി) | ഇതിനായി നഗരാസൂത്രണ വകുപ്പിന് കീഴിൽ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനും ആവശ്യമെങ്കിൽ പഠനത്തിനായി പ്രത്യേക ഏജൻസിയെ ചുമതലപ്പെടുത്തുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ? | (ബി) | സംസ്ഥാനത്തെ എല്ലാ നഗരസഭ പ്രദേശങ്ങൾക്കുമായി മാസ്റ്റർ പ്ലാനുകൾ, നഗര-ഗ്രാമാസൂത്രണ വകുപ്പിന്റെ പ്ലാൻ പദ്ധതിയായ "മാസ്റ്റർ പ്ലാനുകളുടെയും വിശദ നഗരാസൂത്രണ പദ്ധതിയുടെയും തയ്യാറാക്കലിൽ" ഉൾപ്പെടുത്തി തയ്യാറാക്കിവരികയാണ്. മാസ്റ്റർ പ്ലാനുകളിൽ ഗതാഗത മേഖലയെ സംബന്ധിക്കുന്ന പഠനങ്ങളും നിർദ്ദേശങ്ങളും പദ്ധതികളും ഉൾക്കൊള്ളിക്കാറുണ്ട്. ഇതിനായി പ്രത്യേക പഠനങ്ങൾ (ഗതാഗത ശൃംഖല, ഗതാഗത സൗകര്യങ്ങൾ, ട്രാഫിക്ക്, കാൽനട യാത്രക്കാർക്കുള്ള സൗകര്യങ്ങൾ, പാർക്കിംഗ് ജംഗ്ഷനുകൾ എന്നിവ സംബന്ധിക്കുന്ന പഠനങ്ങൾ) നഗര-ഗ്രാമാസൂത്രണ വകുപ്പ് നേരിട്ടും NATPAC, Engineering College മുതലായ ഗതാഗത മേഖലയിൽ വൈദഗ്ദ്ധ്യമുള്ള ഏജൻസികൾ മുഖേനയും നടത്തുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | അമൃത് പദ്ധതിയിൻ കീഴിൽ സംസ്ഥാനത്തെ ആറ് കോർപ്പറേഷനുകളിലും പാലക്കാട്, ആലപ്പുഴ, ഗുരുവായൂർ എന്നീ മൂന്ന് മുൻസിപ്പാലിറ്റികളിലുമായി നടപ്പിലാക്കേണ്ട പരിഷ്കാരങ്ങളിൽ ഒന്നായ 'GIS Based Master Plan for AMRUT Cities ' എന്ന സബ് സ്കീമിന്റെ നോഡൽ ഓഫീസറായി മുഖ്യ നഗരാസൂത്രകനെ നിയമിച്ചിട്ടുണ്ട്. അതിൻപ്രകാരം അമൃത് നഗരങ്ങളിലെ GIS Based Master Plan തയ്യാറാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ നടന്ന് വരുന്നു. |

സെക്ഷൻ ഓഫീസർ